**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **30-07-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസമേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. • വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. • വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. • നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. • ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. • കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. • സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | | നടപടി സ്വീകരിച്ച് വരുന്നുണ്ട്. • മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. • കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. • വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. • കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ. 111/2020/വനം, 11.01.2021 ലെ സ.ഉ. (സാധാ) നം. 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (സാധാ) നം. 159/2021/വനം തീയതി 29.05.2021 പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. • വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ. (കൈ)നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. • വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ. (കൈ) നം. 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. • വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. • മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാന തലത്തിൽ തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് വനാതിർത്തികളിൽ ഫെൻസിംഗ് നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധ വനമേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന സ്ഥലങ്ങളിൽ, ആയത് ലഘൂകരിക്കുന്നതിന്റെ ഭാഗമായി റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, സൗരോർജ്ജവേലി, ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് എന്നീ പദ്ധതികൾ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFBI) ന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത ഫെൻസിംഗുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനും എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | കിഫ്ബി പദ്ധതി പ്രകാരം ചെയ്തിട്ടുള്ള സോളാർ ഫെൻസിംഗ് പ്രവർത്തികൾക്ക് ആവശ്യമായ സംരക്ഷണ, പരിപാലന പ്രവർത്തികൾ ബന്ധപ്പെട്ട വനം ഡിവിഷനുകളുടെ നേതൃത്വത്തിൽ തദ്ദേശവാസികളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ചെയ്തു വരുന്നുണ്ട്. |
| (ഡി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) | പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ